# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09-04-2025**

### പ്രധാനവാർത്തകൾ

RNU TVPM

1. ലഹരിക്കെതിരായ മഹായജ്ഞത്തിൽ നാടിൻറെ പിന്തുണ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വ്യാപനം തടയുന്നതിന് വിപുലമായ കർമ പദ്ധതിക്ക് രൂപം നൽകുമെന്നും മുഖ്യമന്ത്രി.
2. പ്രധാനമന്ത്രിയുടെ വികസിത രാജ്യം എന്ന സ്വപ്ന സാക്ഷാത്കാരത്തിന് പ്രാദേശിക വികസന പദ്ധതികൾ അനിവാര്യമാണെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്.
3. വിഴിഞ്ഞം തുറമുഖത്തിനായി 817 കോടി രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിന് കരാർ ഒപ്പുവച്ചു.
4. മാലിന്യമുക്തം നവകേരളം ക്യാമ്പെയിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കം.
5. സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾ സംസ്ഥാനത്ത് നാളെ പ്രവർത്തനമാരംഭിക്കും.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്,രാജസ്ഥാൻ റോയൽസ് പോരാട്ടം.

*******************************************

## മുഖ്യമന്ത്രി പ്രസ്സ് മീറ്റ് (ഇൻട്രോ)

ലഹരിക്കെതിരായ മഹായജ്ഞത്തിൽ നാടിൻറെ പിന്തുണ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനായി സംസ്ഥാന സർക്കാർ വിപുലമായ കർമ പദ്ധതിക്ക് രൂപം നൽകുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ലഹരിവ്യാപനത്തെ ചെറുക്കുന്നത് ലക്ഷ്യമിട്ട് ഈ മാസം 16 ന് മത നേതാക്കളുടെ യോഗവും, 17 ന് സർവ കക്ഷി യോഗവും വിളിച്ചുചേർക്കും.

(ഹോൾഡ്)

ലഹരിക്കെതിരെ സംസ്ഥാനം യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണെന്നും, രാസലഹരി ഉപയോഗം വളരെ ഗൗരവമുള്ള പ്രശ്നമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ലഹരി ഉപയോഗം തടയുന്നതിനുള്ള ഓപ്പറേഷൻ ഡി ഹണ്ട് കൂടുതൽ ശക്തമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

******************************************************

## പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം

പ്രധാനമന്ത്രിയുടെ വികസിത രാജ്യം എന്ന സ്വപ്ന സാക്ഷാത്കാരത്തിന് പ്രാദേശിക വികസന പദ്ധതികൾ അനിവാര്യമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്. വയനാട് കൽപ്പറ്റയിൽ പുതിയതായി ആരംഭിച്ച പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പാസ്പോർട്ടിനും അനുബന്ധ സേവനങ്ങൾക്കുമായി വയനാട്ടുകാർ അയൽ ജില്ലകളിലേക്ക് ദീർഘദൂരം സഞ്ചരിക്കണമെന്ന പ്രശ്നത്തിന് ഇതോടെ പരിഹാരമാകുമെന്നും, ജില്ലയിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഉൾപ്പെടെ ഇത് ഗുണകരമാകുമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് റീജിയണൽ പാസ്പോർട്ട് ഓഫീസിൻറെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന സേവാ കേന്ദ്രം പ്രതിദിനം 50 അപേക്ഷകർക്ക് വരെ സേവനം നൽകും.

RNU TVPM

*********************************************

## വിഴിഞ്ഞം കരാർ

വിഴിഞ്ഞം തുറമുഖത്തിനായി കേന്ദ്രസർക്കാരിൻറെ 817.80 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിനുള്ള രണ്ട് കരാറുകൾ മന്ത്രി വി.എൻ വാസവൻറെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. കേന്ദ്രവും, അദാനി പോർട്ട് കമ്പനിയും ബാങ്ക് കൺസോർഷ്യവുമായുള്ള ത്രികക്ഷി കരാറാണ് ആദ്യത്തേത്. തുറമുഖത്തു നിന്നുള്ള വരുമാനത്തിൻറെ 20 ശതമാനം കേന്ദ്രവുമായി പങ്കിടുന്നതിന് സംസ്ഥാനവുമായുള്ളതാണ് രണ്ടാമത്തെ കരാർ. കരാറിൽ ഒപ്പിട്ടത് ചരിത്ര മുഹൂർത്തമാണെന്നും, 2028 ഓടെ റോഡ്-റെയിൽ കണക്ടിവിറ്റി പൂർണതയിലെത്തിക്കാൻ സാധിക്കുമെന്നും മന്ത്രി വി.എൻ വാസവൻ പറഞ്ഞു.

*********************************************

## ചരക്കു കപ്പൽ എം.എസ് .സി തുർക്കി

ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പലായ എം എസ് സി തുർക്കിയെ ഇന്ന് ഉച്ചയോടെ വിഴിഞ്ഞം തുറമുഖത്ത് എത്തി. യൂറോപ്പിലേക്കുള്ള പ്രതിവാര ജേഡ് സെർവീസിൻറെ ഭാഗമായാണ് കപ്പൽ വിഴിഞ്ഞത്തെത്തിയത്. വിഴിഞ്ഞത്ത് എത്തുന്ന 257 ആമത്തെ കപ്പലാണ് എം എസ് സി തുർക്കിയെ. ഇന്ത്യയിൽ ആദ്യമായാണ് ഒരു തുറമുഖത്ത് ഇത്രയും വലിയ കപ്പൽ ബർത്ത് ചെയ്യുന്നത്. പ്രതിമാസം ഒരു ലക്ഷത്തോളം കണ്ടയിനറുകൾ കൈകാര്യം ചെയ്യുന്ന വിഴിഞ്ഞം തുറമുഖം ചരക്ക് നീക്കത്തിൽ ദക്ഷിണേന്ത്യയിൽ നിലവിൽ ഒന്നാം സ്ഥാനത്താണുള്ളത്.

*********************************************

## മുഖ്യമന്ത്രി - വൃത്തി കോൺക്ലേവ്

സംസ്ഥാന സർക്കാരിൻറെ മാലിന്യമുക്തം നവകേരളം ക്യാമ്പെയിൻ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാർ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

PNUTVPM

സംസ്ഥാനത്തെ 19,093 പഞ്ചായത്ത് - നഗരസഭാ വാർഡുകളെയും, 1,027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഇതിനോടകം മാലിന്യമുക്തമായി പ്രഖ്യാപിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. ഈ മാസം 13 വരെ നടക്കുന്ന വൃത്തി കോൺക്ലേവിൽ അറുപത് സെഷനുകളിലായി ഇരുന്നൂറോളം വിദഗ്ദ്ധർ ആശയങ്ങൾ പങ്കുവയ്ക്കും.

********************************************

## റിസർവ് ബാങ്ക്

റിപ്പോ നിരക്ക് 6.25 ൽ നിന്നും 6 ശതമാനമാക്കി കുറച്ച് റിസർവ് ബാങ്ക്. മുംബൈയിൽ നടന്ന ധനനയ അവലോകന സമിതിയോഗത്തിലാണ് തീരുമാനം. ഇതോടെ ഭവന-വാഹന വായ്പകളുടെ പലിശ നിരക്ക് കുറയും. സ്വർണ പണയ വായ്പകളിൽ നിയന്ത്രണങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും ഏർപ്പെടുത്താനും റിസർവ് ബാങ്ക് തീരുമാനിച്ചു.

********************************************

## XR ക്രിയേറ്റർ ഹാക്കത്തോൺ intro

വേവ്സ് ഉച്ചകോടിയോടനുബന്ധിച്ച് സംഘടിപ്പിച്ച XR ക്രിയേറ്റർ ഹാക്കത്തോൺ മത്സരത്തിൽ തിരുവനന്തപുരം ആസ്ഥാനമായ സ്റ്റാർട്ട് അപ്പ് LumeXR വിജയികൾ. ഇമ്മേർസീവ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ട്രാവൽ ഗൈഡ് എന്ന നൂതനാശയത്തിനാണ് പുരസ്കാരം . അംഗീകാരത്തിൽ അതിയായ സന്തോഷമുണ്ടെന്ന് പ്രോജക്ട് ടീം ലീഡർ സാവിയോ മെനിഫർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

Extended realityയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഹാക്കത്തോണിൽ അഞ്ച് പേരാണ് പുരസ്കാര ജേതാക്കൾ.

********************************************

RNU TVPM

**വിഷു - ഈസ്റ്റർ**

സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾ സംസ്ഥാനത്ത് നാളെ മുതൽ ഈ മാസം 19 വരെ പ്രവർത്തിക്കും. എല്ലാ താലൂക്കുകളിലെയും ഒരു പ്രധാന വിൽപനശാല കേന്ദ്രീകരിച്ചാണ് ഫെയർ ക്രമീകരിക്കുന്നത്. കൺസ്യൂമർ ഫെഡിൻ്റെ വിഷു - ഈസ്റ്റർ സഹകരണ ചന്തകളും വെള്ളിയാഴ്ച മുതൽ ഈ മാസം 21 വരെ തുറന്ന് പ്രവർത്തിക്കും.. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെ 170 കൺസ്യൂമർ ഫെഡ് വിപണന കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് ക്രമീകരിക്കുന്നത്.

**************************************************

**ആർ .ബിന്ദു**

സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ പരിപാടി രണ്ടാംവർഷത്തിലേക്ക് കടക്കുന്നതിനു മുന്നോടിയായി വിപുലമായ യോഗങ്ങൾ വിളിച്ചുചേർക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. സർവ്വകലാശാലകളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന ആസൂത്രണയോഗം ഏപ്രിൽ 22ന് കേരള സർവ്വകലാശാല സെനറ്റ് ചേമ്പറിൽ ചേരും. സർവ്വകലാശാല വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, സിണ്ടിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

**************************************************

**നിധി**

ഝാർഖണ്ഡ് സ്വദേശികളായ അച്ഛനമ്മമാർ ഒന്നരമാസം മുൻപ് സ്വകാര്യ ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ച് പോയ പെൺകുഞ്ഞിനെ നാളെ ശിശുക്ഷേമ സമിതി ഏറ്റെടുക്കും. കുഞ്ഞിന് ആരോഗ്യമന്ത്രി വീണാ ജോർജ് 'നിധി' എന്ന് പേരിട്ടു

മൂന്നാഴ്ച മാത്രം പ്രായമുള്ളപ്പോൾ മാതാപിതാക്കൾ ഉപേക്ഷിച്ചു പോയ കുഞ്ഞ്, എറണാകുളം ജനറൽ ആശുപത്രിയിൽ പൂർണ ആരോഗ്യവതിയായി കഴിയുകയാണ്.

**************************************************

RNU TVPM

## വരയാട്

കേരളവും തമിഴ്നാടും സംയുക്തമായി ഈ മാസം 24 മുതൽ 27 വരെ വരയാടുകളുടെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചതായി വനം മന്ത്രി എ.കെ. ശശീന്ദ്രൻ. ഇരവികുളം ദേശീയോദ്യാനം സ്ഥാപിതമായിട്ട് 50 വർഷം തികയുന്നതിന്റെ ഭാഗമായാണിത്. കേരളത്തിലെ 89 സെൻസസ് ബ്ലോക്കുകളിലും തമിഴ് നാട്ടിലെ 176 സെൻസസ് ബ്ലോക്കുകളിലുമാണ് കണക്കെടുപ്പ്.

*******************************************

## കെ.രാധാകൃഷ്ണൻ

സിപിഐഎം തൃശൂർ ജില്ലാ കമ്മിറ്റിക്ക് കരുവന്നൂർ സഹകരണ ബാങ്കിൽ അക്കൗണ്ടില്ലെന്ന് ഇ ഡിക്ക് ബോധ്യമായതായി കെ.രാധാകൃഷ്ണൻ എം.പി. താൻ സെക്രട്ടറിയായിരുന്ന 2017ൽ അക്കൗണ്ട് തുടങ്ങിയതായി ഇ.ഡി ഉദ്യോഗസ്ഥർ പറഞ്ഞതെങ്കിലും, പരിശോധനയിൽ അക്കൗണ്ടില്ലെന്ന് തെളിഞ്ഞതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*******************************************

## ആനന്ദകുമാർ

പാതിവില തട്ടിപ്പ് കേസിൽ നാഷണൽ എൻജിഒ കോൺഫെഡറേഷൻ സ്ഥാപകനും മാനേജിംഗ് ട്രസ്റ്റിയുമായ കെ.എൻ. ആനന്ദകുമാറിന് ജാമ്യമില്ല. 1000 കോടി രൂപയുടെ സിഎസ്ആർ ഫണ്ട് അഴിമതി കേസിൽ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ് ആനന്ദകുമാർ . കേസിലെ മുഖ്യപ്രതിയായ അനന്തു കൃഷ്ണനിൽ നിന്ന് ആനന്ദകുമാർ നിരവധി മാസങ്ങളായി10 ലക്ഷം രൂപ വീതം കൈപ്പറ്റിയതായാണ് കേസിലെ ആരോപണം.

*******************************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും.

RNU TVPM

അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

******************************************

**മഴ**

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്നും മലപ്പുറം, വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കന്യാകുമാരി തീരത്ത് നാളെ ഉച്ചവരെ ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

******************************************

**ഓഹരി /സ്വർണ്ണ വില**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 379 പോയിൻറ് താഴ്ന്ന് 73,847 - ലും, നിഫ്റ്റി 136 പോയിൻറ് നഷ്ടത്തിൽ 22,399 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വിലയിൽ വർധന. പവന് 520 രൂപ കൂടി 66,320 രൂപയും ഗ്രാമിന് 8,290 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

******************************************

**മനുഷ്യാവകാശ കമ്മീഷൻ/**

തിരുവനന്തപുരം പാർവതി പുത്തനാറിലും അനുബന്ധ കനാലുകളിലുമുള്ള മാലിന്യങ്ങൾ നീക്കി മഴക്കാല പൂർവ ശുചീകരണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. മാലിന്യം കുന്നുകൂടി ഒഴുക്ക് നിലച്ച കനാലുകൾ വെള്ളപ്പൊക്കത്തിന് കാരണമായി മാറില്ലെന്ന് ഉറപ്പാക്കി, മേയ് അവസാനത്തോടെ ശുചീകരണം പൂർത്തിയാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

*******************************************************************************************************************